# നോട്ടീസ്

## കാപ്പുകുത്തക ടെണ്ടർപരസ്യം

### കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും
### എല്ലാവരുടേയും അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ:-

1. കൊച്ചി താലൂക്ക് കുഴുപ്പുള്ളി വില്ലേജിൽ അയ്യമ്പിള്ളി പാടത്തുള്ള ദേവസ്വം പുറമ്പോക്കു തോടുകളായ തേവർതോട്, കൊക്കനാടുതോട്, ബംബ്ലായിതോട് എന്നീ 3 തോടുകളുടേയും അവകാശം ബഹു: സുപ്രീംകോടതിയുടെ സി.എ. നമ്പ്ര് 2312/77ൽ 17-1-95ൽ ഉണ്ടായ ഉത്തരവു പ്രകാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കയാൽ മേൽപറഞ്ഞ തോടുകളിൽ നിന്ന് **17-11-2020 മുതൽ 14-4-2021ൽ** കൂടിയുള്ള കാലയളവിൽ മത്സ്യം പിടിക്കുവാനുള്ള അവകാശം 'കോവിഡ് -19' ന്റെ പശ്ചാത്തലത്തിൽ ലേലം വേണ്ടെന്നുവെച്ച് സീൽഡ് ടെണ്ടർ പ്രകാരം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാകുന്നു. **ടെണ്ടർ 2020 നവംബർ 04-ാം തിയ്യതി കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ വെച്ച് ഉച്ചതിരിഞ്ഞ് 3 മണിക്ക്** ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. സീൽ ചെയ്ത ടെണ്ടർ, ടെണ്ടർസമയത്തിന് അര മണിക്കൂർ മുൻപ് ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
2. ടെണ്ടറിൽ പങ്കുകൊള്ളുവാനാഗ്രഹിക്കുന്നവർ ഓരോരുത്തരും 5,000 ക. യുടെ ഡി.ഡി. **'സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്'** എന്ന പേരിൽ എടുത്ത് ടെണ്ടറിനോടൊപ്പം വെക്കേണ്ടതുമാകുന്നു. അഡ്വാൻസ് സംഖ്യ ടെണ്ടറിൽ ഏറ്റവും കൂടുതൽ നിരക്ക് രേഖപ്പെടുത്തുന്ന ആളുടേതൊഴികെ മറ്റെല്ലാവർക്കും ടെണ്ടർ കഴിഞ്ഞ ഉടനെ അഡ്വാൻസ് സംഖ്യ (ഡി.ഡി.) മടക്കിക്കൊടുക്കുന്നതുമാകുന്നു. ടെണ്ടർ ഉറപ്പിച്ചുകിട്ടുന്ന ആൾക്ക് മേൽപടി സംഖ്യ കാപ്പുകുത്തക അവകാശം അവസാനിക്കുമ്പോൾ മാത്രം ടിയാന് ബാദ്ധ്യതയുണ്ടെങ്കിൽ ആയത് തട്ടിക്കിഴിച്ച് ബാക്കി സംഖ്യ മടക്കിക്കൊടുക്കുന്നതാണ്.
3. ടെണ്ടറിൽ കൂടുതൽ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിക്ക് ടെണ്ടർ അംഗീകരിച്ചുനൽകുന്നത് സ്പെഷ്യൽ ദേവസ്വം കമ്മീഷണറുടെ വിവേചനാധികാരത്തിൽ നിക്ഷിപ്തമായിരിക്കും. ഡി.ഡി. വയ്ക്കാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്. ടെണ്ടർ കൊണ്ട ആൾ ടെണ്ടർസംഖ്യയിൽ നാലിലൊന്നു സംഖ്യ അപ്പോൾതന്നെ കെട്ടിവെച്ച് രശീതി വാങ്ങിക്കേണ്ടതും ബാക്കി ടെണ്ടർസംഖ്യ കൊച്ചിൻ ദേവസ്വം ബോർഡിൽനിന്നു സ്ഥിരപ്പെടുത്തി കല്പനയാകുന്നതിനു വിധേയമായി 14-11-2020 നു മുമ്പായി അയ്യമ്പിള്ളി ദേവസ്വം ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതും, ബോർഡിൽ നിന്നു നിശ്ചയിക്കുന്ന ലേലനിബന്ധനകളും മറ്റും ഉൾക്കൊള്ളിച്ച് കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേർക്ക് മുദ്രക്കടലാസിൽ കച്ചീട്ട് എഴുതി ഒപ്പിട്ട് തരേണ്ടതുമാകുന്നു.
4. മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ദേവസ്വം വക മുൻ വിവരിച്ച തോടുകളിലെ കഴുവകളിൽ മാത്രം ആയിരിക്കുന്നതും മത്സ്യം പിടിക്കുന്നതിന് ബോർഡിന്റെ അനുവാദത്തോടുകൂടിയല്ലാതെ കൂടുതൽ തൂമ്പുകൾ വെയ്പാൻ പാടില്ലാത്തതുമാകുന്നു.
5. കരാറുപ്രകാരമുള്ള അവകാശവും ബാദ്ധ്യതയും യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാനൊ കീഴ്ക്കരാറ് കൊടുപ്പാനൊ പാടില്ലാത്തതുമാകുന്നു. ഇക്കാര്യത്തിൽ ബഹു: കേരള ഹൈക്കോടതിയുടെ സി.എം.പി. നമ്പ്ര് 4144/97ൽ 1-12-1997ൽ ഉണ്ടായ ഉത്തരവ് കർശനമായി പാലിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാകുന്നു.
6. നിലങ്ങളിലുണ്ടാകുന്ന കന്നിക്കൊയ്ത്തിനോടനുബന്ധിച്ച് ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത വിധത്തിൽ വേണ്ട ക്രമീകരണങ്ങൾ ടെണ്ടറുകാരൻ ചെയ്യേണ്ടതാകുന്നു.
7. കാപ്പുകുത്തക അവകാശം അവസാനിക്കുമ്പോൾ കാപ്പുകുത്തക ആവശ്യത്തിനുവേണ്ടി ഇടവരമ്പുകളൊ തോടുകളിലെ ചാലുകളൊ എവിടെയെങ്കിലും പൊട്ടിക്കുന്നതായാൽ ആയവ പൂർവ്വസ്ഥിതിയിൽ തന്നെ ബലത്തിലും വലിപ്പത്തിലും ടെണ്ടറുകാരന്റെ ചുമതലയിൽ ഉണ്ടാക്കേണ്ടതാണ്.
8. ഫിഷറീസ് ആക്ടിലേയും റൂളുകളിലേയും വ്യവസ്ഥകളും മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി ബഹു: ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ടെണ്ടറുകാരൻ പാലിക്കേണ്ടതും അവയുടെ ലംഘനമുണ്ടായാൽ അതിൽവെച്ചുണ്ടാകുന്ന ബാദ്ധ്യതകൾക്ക് ടെണ്ടറുകാരൻ മാത്രം ഉത്തരവാദിയാകുന്നതുമാകുന്നു.
9. ടെണ്ടറുകാരൻ ടെണ്ടർ നിശ്ചയങ്ങൾക്ക് വിപരീതമായി വല്ല വീഴ്ചകളും വരുത്തിയാൽ ടിയാന്റെ കരാറ് ദുർബ്ബലപ്പെടുത്തുന്നതും അതിൽവെച്ചുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ടിയാനും ടിയാന്റെ സ്വത്തുക്കളും ടിയാന്റെ അഡ്വാൻസ് സംഖ്യയും ഉത്തരവാദപ്പെടുന്നതുമാകുന്നു.
10. ടെണ്ടർ യാതൊരു കാരണവും പറയാതെ നിർത്തിവെക്കുന്നതിനൊ നീട്ടിവെക്കുന്നതിനൊ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
11. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ദേവസ്വം ബോർഡ് ഓഫീസ്, തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്, അയ്യമ്പിള്ളി ദേവസ്വം ഓഫീസ് എന്നിവിടങ്ങളിൽ നിന്നും www.cochindevaswomboard.org എന്ന വെബ്സൈറ്റിലും അറിയാവുന്നതാണ്.

സ്പെഷ്യൽ ദേവസ്വം കമ്മീഷണർ ഓഫീസ്,
തൃശ്ശൂർ.
21-10-2020.

(ഒപ്പ്)
**സ്പെഷ്യൽ ദേവസ്വം കമ്മീഷണർ**
കൊച്ചിൻ ദേവസ്വം ബോർഡ്.